ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.10.2025**

## പ്രധാനവാർത്തകൾ

1. **രാഷ്ട്രപതി ദ്രൗപതി മുർമു നാലു ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്നു തിരുവനന്തപുരത്തെത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.**

2. **രാഷ്ട്രപതിയുടെ ശബരിമല ദർശനത്തോടനുബന്ധിച്ച് നാളെ ഭക്തർക്ക് വെർച്വൽ ക്യൂ ദർശനമില്ല. സംസ്ഥാനത്ത് സുരക്ഷ കർശനമാക്കി.**

3. **രാജ്യത്തെയും ജനങ്ങളേയും സംരക്ഷിക്കുന്നതിന് പൊലീസ് സേന വഹിക്കുന്ന് പങ്ക് വളരെ വലുതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

4. **സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ സംസ്ഥാനത്തിൻറെ വികസനത്തിന് ഊർജ്ജം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5. **സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 12 ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

RNU TVPM

6. ശ്രീലങ്കയിൽ നടക്കുന്ന വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ഇന്ന് പാകിസ്ഥാനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

**രാഷ്ട്രപതി സന്ദർശനം (ഇൻട്രോ)**

നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്നു വൈകിട്ടു തിരുവനന്തപുരത്തെത്തും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ വിമാനത്താവളത്തിൽ രാഷ്ട്രപതിയെ സ്വീകരിക്കും. നാളെ ശബരിമലയിൽ ദർശനം നടത്തും.

വിശദാംശങ്ങളിലേക്ക്.........

(വോയിസ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**രാഷ്ട്രപതി സന്ദർശനം (വോയിസ്)**

രാഷ്ട്രപതി ദ്രൗപതി മുർമ്മു നാളെ ഉച്ചയോടെ ശബരിമല ക്ഷേത്ര ദർശനം നടത്തും. നിലക്കൽ ഹെലിപാഡിൽ എത്തുന്ന രാഷ്ട്രപതി റോഡ് മാർഗ്ഗമാണ്

പമ്പയിലെത്തുന്നത്. പമ്പാ ഗണപതി ക്ഷേത്രത്തിൽ നിന്ന് ഇരുമുടി കെട്ട് നിറച്ച ശേഷം പ്രത്യേക വാഹനത്തിൽ സ്വാമി അയ്യപ്പൻ റോഡിലൂടെ സന്നിധാനത്തേക്ക് പോകും. വൈകുന്നേരം തിരുവനന്തപുരത്ത് ഗവർണർ ഒരുക്കുന്ന അത്താഴ വിരുന്നിലും രാഷ്ട്രപതി പങ്കെടുക്കും. വ്യാഴാഴ്ച രാവിലെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർധകായ പ്രതിമ അനാച്ഛാദനം ചെയ്യും.

ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ചടങ്ങിൽ മുഖ്യാതിഥിയാകുന്ന രാഷ്ട്രപതി പാലാ സെന്റ് തോമസ് കോളേജിലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും. വെള്ളിയാഴ്ച എറണാകുളം സെന്റ് തെരേസാസ് കോളേജിലേയും പരിപാടികളിലും പങ്കെടുക്കുത്ത ശേഷം ഡൽഹിയിലേക്ക് മടങ്ങും.

ന്യൂസ് ഡസ്ക് ആകാശവാണി............

PNU TVPM

## രാഷ്ട്രപതി സന്ദർശനം-ഗതാഗത നിയന്ത്രണം

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് സുരക്ഷ കർശനമാക്കി. ശബരിമലയിൽ ഇന്നും, നാളെയും നിയന്ത്രണമേർപ്പെടുത്തി. നാളെ ഭക്തർക്ക് വെർച്വൽ ക്യൂ പ്രകാരം ദർശനം ഉണ്ടായിരിക്കില്ല. ഇന്ന് 12,500 പേർക്ക് മാത്രമാണ് ദർശനത്തിന് അനുമതി നൽകിയിരിക്കുന്നത്.

ഉച്ചകഴിഞ്ഞ് സന്നിധാനത്ത് നിന്ന് ഭക്തർ മലയിറങ്ങണം. ഇന്ന് തിരുവനന്തപുരം നഗരത്തിലും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി എട്ട് വരെയാണ് ഗതാഗത നിയന്ത്രണം. നാളെ രാവിലെ ആറു മുതൽ രാത്രി പത്തു വരെയും, മറ്റന്നാൾ രാവിലെ ആറു മുതൽ ഉച്ചയ്ക്ക് 12.30 വരെയും, നിയന്ത്രണം ഉണ്ടായിരിക്കും. പ്രധാന റോഡുകളിലും, ഇടറോഡുകളിലും വാഹന പാർക്കിംഗ് അനുവദിക്കില്ല.

## പോലീസ് സ്മൃതി ദിനം-പ്രധാനമന്ത്രി

പോലീസ് സ്മൃതി ദിനത്തിൽ പൊലീസ് സേനയുടെ ധീരതയെ സ്മരിച്ച് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ തുടങ്ങിയവർ. ക്രിത്യ നിർവഹണത്തിൽ സേനയുടെ ത്യാഗം എടുത്തുപറയേണ്ടതാണെന്നും അവരുടെ പ്രതിബദ്ധത രാജ്യത്തെയും ജനങ്ങളേയും സംരക്ഷിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിലെ ദേശീയ പൊലീസ് സ്മാരകത്തിൽ രാജ്നാഥ് സിംഗ് പുഷ്പചക്രം സമർപ്പിച്ചു.

## പൊലീസ് സ്മൃതി ദിനാചരണം

RNUTVPM

66-ാമത് പൊലീസ് സ്മൃതി ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ സിറ്റി പൊലീസ് സംഘടിപ്പിച്ച മാരത്തോണിൽ പുരുഷ വിഭാഗത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അതുലും

വനിതാ വിഭാഗത്തിൽ മലബാർ സ്പോർട്സ് അക്കാദമിയിലെ ശ്രീ നന്ദയും ജേതാക്കളായി .

❁❁❁❁❁❁❁❁❁❁❁❁❁

**കായികമേള(ഇൻട്രോ)**

ഒളിമ്പിക്സ് മാതൃകയിലുള്ള അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കായിക മേള ഉദ്ഘാടനം ചെയ്യും. ഈ മാസം 28 വരെയാണ് കായികമേള സംഘടിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപരും ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...........

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി പാളയം മാർക്കറ്റ്**

RIJU TVPM

സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ സംസ്ഥാനത്തിൻറെ വികസനത്തിന് ഊർജ്ജം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് കോർപ്പറേഷൻ കല്ലുത്താൻകടവിൽ നിർമ്മിച്ച പുതിയ പാളയം മാർക്കറ്റ് സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സ്വകാര്യ-പൊതുമേഖലാ പങ്കാളിത്ത മാതൃകയിൽ നൂറു കോടിയോളം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഈ മാതൃകയിൽ ഇനിയും നിരവധി പദ്ധതികൾ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

**അമിത്ഷാ**

ആസാദ് ഹിന്ദ് ഫൗജിൻറെ സ്ഥാപക ദിനമായ ഇന്ന് നേതാജി സുഭാഷ് ചന്ദ്രബോസിനെയും ഇന്ത്യൻ നാഷണൽ ആർമിയിലെ ധീരസേനാനികളെയും അനുസ്മരിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. സ്വന്തം സൈനിക ശേഷിയിലൂടെയും സൈനിക പ്രചാരണങ്ങളിലൂടെയും സ്വാതന്ത്ര്യം നേടാൻ കഴിയുമെന്ന വിശ്വാസം ജനഹൃദയങ്ങളിലെത്തിക്കാൻ ആസാദ് ഹിന്ദ് ഫൗജിലൂടെ നേതാജിക്ക് കഴിഞ്ഞതായി ശ്രീ ഷാ സാമൂഹ്യമാധ്യമകുറിപ്പിൽ പറഞ്ഞു.

**ജിഎസ്ടി ഓട്ടോമൊബൈൽ**

നികുതി നിരക്കുകളിലെ പരിഷ്കരണം രാജ്യത്തെ ഓട്ടോമൊബൈൽ മേഖലയ്ക്ക് കരുത്തുപകരുന്നതായി കേന്ദ്ര സർക്കാർ. 1800 സിസിയ്ക്ക് താഴെയുള്ള ട്രാക്ടറുകളുടെ ജിഎസ്ടി അഞ്ച് ശതമാനമായി കുറച്ചു. 1800 സിസിയ്ക്ക് മുകളിലുള്ള ട്രാക്ടറുകളുടെ ജിഎസ്ടി 18 ശതമാനമാണ്. ബസുകൾ, കൊമേഷ്യൽ ഗുഡ്സ് വാഹനങ്ങൾ, വാനുകൾ എന്നിവയുടെ ജിഎസ്ടിയും 18 ശതമാനമാക്കി കുറച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**മാലിന്യ സംസ്കരണ പ്ലാന്റ് (ഇൻട്രോ)**

RNU TVPM

കേന്ദ്ര സർക്കാരിൻറെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് നഗരസഭ സ്ഥാപിക്കുന്ന ശൗചാലയ മാലിന്യ സംസ്കരണ പ്ലാന്റ് ഉത്ഘാടനത്തിനൊരുങ്ങുന്നു.ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ നടപ്പാക്കുന്ന ആദ്യ സംസ്കരണ പ്ലാന്റാണ് ഇത്. ഉത്ഘാടനം ഈ മാസം 27 ന് നടക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയുമാണ്. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 24 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**കനത്ത മഴ-ഇടുക്കി(ഇൻട്രോ)**

RNU TVPM

കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായുണ്ടായ കനത്ത മഴയിൽ ഇടുക്കിയിലെ ഡാമുകളിൽ ജലനിരപ്പ് ഉയർന്ന നിലയിലെത്തി. ശക്തമായ നീരാഴുക്ക് തുടരുന്നതിനാൽ പ്രധാന ഡാമുകളായ മുല്ലപ്പെരിയാറിലും ഇടുക്കിയിലും ജലനിരപ്പ് ക്രമേണ വർദ്ധിക്കുന്നുണ്ട്. മുല്ലപ്പെരിയാർ ഉൾപ്പെടെ ഇടുക്കിയിലെ ഏഴ് ഡാമുകൾ തുറന്ന് വിട്ടിരിക്കുകയാണ്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ................***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## മൃതദേഹങ്ങൾ കണ്ടെത്തി

മൊസാംബിക്കിൽ ബോട്ട് മുങ്ങി മരിച്ച കൊല്ലം തേവലക്കര സ്വദേശി ശ്രീരാഗ് രാധാകൃഷ്ണന്റെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മൊസാംബിക്കിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിനെ അറിയിച്ചു. ബോട്ടപകടത്തിൽ കാണാതായ മലയാളി ഇന്ദ്രജിത്ത് സന്തോഷിനായി തെരച്ചിൽ തുടരുകയാണ്. മൊസാംബിക്കിലെ ബെയ്റ തുറമുഖത്തെ കപ്പൽ അപകടത്തിൽ കാണാതായ നാല് പേരുടെയും മൃതദേഹങ്ങൾ കണ്ടെത്തി. 14 ഇന്ത്യക്കാരാണ് അപകടത്തിൽപ്പെട്ടത്. ആറു പേരെ രക്ഷപ്പെടുത്തി. നാലു പേർക്കായി തിരച്ചിൽ തുടരുകയാണ്.

RNU TVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26-ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

**വനിതാ ക്രിക്കറ്റ്**

ഐസിസി വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ഇന്ന് പാകിസ്ഥാനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് കൊളംബോയിലെ ആർ.പ്രേമദാസ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

**സ്വർണം**

സ്വർണവിലയിൽ വർദ്ധന. ഗ്രാമിന് 190 രൂപ കൂടി 12,170 രൂപയും പവന് 1,520 രൂപ വർധിച്ച് 97,360 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

ശബരിമലയിൽ ഇന്ന് ചിത്തിര ആട്ടത്തിരുനാൾ പൂജകൾ നടത്തും. ഉച്ചയോടെ ബ്രഹ്മ കലശം അയ്യപ്പ വിഗ്രഹത്തിൽ അഭിഷേകം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

**അൽപശി**

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 30 ന് ശംഖുമുഖം കടപ്പുറത്ത് നടക്കുന്ന

RNUTVPM

ആറാട്ടോടുകൂടി അൽപശി ഉത്സവം സമാപിക്കും. ആറാട്ട് ഘോഷയാത്രയെ അനുഗമിക്കുന്ന ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിൽ നിന്നും പ്രത്യേക പാസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**പന്തളം രാജകുടുംബാംഗം**

പന്തളം രാജകുടുംബാംഗത്തിൻ്റെ മരണത്തെത്തുടർന്നു പന്തളം വലിയകോയിക്കൽ ധർമ്മ ശാസ്താ ക്ഷേത്രം അടച്ചു. നവംബർ ഒന്നിനു തുറക്കും. പന്തളം രാജകുടുംബാംഗമായ വിശാഖം നാൾ രാജ രാജ വർമ്മയാണ് ഇന്ന് രാവിലെ അന്തരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**സ്വാമി മെമ്മോറിയൽ പുരസ്ക്കാരം**

Pv സ്വാമി മെമ്മോറിയൽ പുരസ്ക്കാരം മുഖ്യമന്ത്രി പിണറായി വിജയൻ കെ. മാധവന് സമ്മാനിച്ചു. കോഴിക്കോട് നടന്ന 35-ാമത് പി.വി. സ്വാമി അനുസ്മരണ ചടങ്ങിലാണ് പുരസ്കാരം സമ്മാനിച്ചത്. പി.വി.സ്വാമിയുടെ ജീവിതം സമൂഹത്തിന് വെളിച്ചം പകരുന്നതായിരുന്നു എന്ന് മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ഫ്രഞ്ച് ഓപ്പൺ**

RNUTVPM

ഫ്രഞ്ച് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ, ഡബിൾസ് ജോഡിയായ ചിരാഗ് ഷെട്ടി, സാത്വിക് സായ് രാജ് രങ്കിറെഡ്ഡി എന്നിവരുൾപ്പെടെ ഇന്ത്യയിലെ മുൻനിര താരങ്ങൾ ഇന്ന് മുതൽ മാറ്റുരക്കും. പുരുഷ സിംഗിൾസിൽ, ലക്ഷ്യ സെൻ അയർലണ്ടിന്റെ നാറ്റ് നുയെനെ നേരിടും. വനിതാ സിംഗിൾസ്, വനിതാ ഡബിൾസ്, മിക്സഡ് ഡബിൾസ് എന്നീ ഇനങ്ങളിലും ഇന്ത്യ മത്സരിക്കുന്നുണ്ട്.